# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 93 — 04.06.2018 ലെ മറുപടിയ്ക്ക്

### ചികിത്സാ ധനസഹായത്തിനുള്ള കാലതാമസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനായി എം.എൽ.എ മാർ ശിപാർശ നൽകി അയക്കുന്ന അപേക്ഷകളിൽ എത്ര തുക അനുവദിച്ചു എന്ന വിവരം എം.എൽ.എ മാരെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ; അനുവദിച്ച തുക ഗുണഭോക്താക്കളെ അറിയിച്ച് അവ കൈപ്പറ്റുവാൻ നടപടി സ്വീകരിക്കുമോ; ഈ സർക്കാർ വന്നതിനുശേഷം കോട്ടയം ജില്ലയിൽ തുക അനുവദിച്ചിട്ടും കൈപ്പറ്റാത്ത എത്രപേർ ഉണ്ടെന്നറിയിക്കാമോ; | (എ) ചികിത്സാ ധനസഹായങ്ങൾക്കായി എം.എൽ.എമാർ ശിപാർശ ചെയ്യുന്ന അപേക്ഷകളുടെ തൽസ്ഥിതി അറിയുന്നതിന് എം.എൽ.എമാർക്ക് പ്രത്യേക യൂസർ ഐഡി, പാസ്സ് വേർഡ് എന്നിവ നൽകിയിട്ടുണ്ട്. പ്രസ്തുത സംവിധാനം ഉപയോഗിക്കുന്നതിനുള്ള പരിശീലനവും എം.എൽ.എമാർക്ക് നൽകി കഴിഞ്ഞിട്ടുണ്ട്.<br>അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് എത്തിക്കുന്നതിന് DBT സംവിധാനം നിലവിൽ വന്നിട്ടുണ്ട്.<br>ഈ സർക്കാർ വന്നതിനുശേഷം കോട്ടയം ജില്ലയിൽ തുക അനുവദിച്ചിട്ടും കൈപ്പറ്റാത്തത് 116 പേർ ആണ്. ഇതിൽ 27 പേർ ശരിയായ അക്കൗണ്ട് നമ്പർ നൽകാത്തവരും 89 പേർ അപേക്ഷകർ സ്ഥലത്ത് താമസമില്ലാത്തതിനാലും, നോട്ടീസ് നടത്തിയിട്ടും ചെക്ക് കൈപ്പറ്റാത്തതിനാലും, ഒരേ ആവശ്യത്തിന് മുൻപ് തുക കൈപ്പറ്റിയിട്ടുള്ളതിനാലും, തുക വിതരണം ചെയ്യാത്തവരുമാണ്. |
| (ബി) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നിന്നും കഴിഞ്ഞ രണ്ട് വർഷമായി എം.എൽ.എ.യുടെ ശിപാർശ സഹിതം എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇവയിൽ എത്ര അപേക്ഷകളിൽ സഹായധനം അനുവദിച്ചിട്ടുണ്ടെന്നും ഇനി എത്രപേർക്ക് ധനസഹായം നൽകാനുണ്ടെന്നും അവർ ആരെല്ലാമാണെന്നും വ്യക്തമാക്കാമോ; | (ബി) നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല. |
| (സി) ദുരിതാശ്വാസ സഹായം അനുവദിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) ദുരിതാശ്വാസസഹായം അനുവദിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം അവസാനിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ |

മുൻഗണനയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ച് വരുന്നു. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വനിധിയിൽ നിന്നും 15,000/- രൂപ വരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് എത്തിക്കുന്നതിന് DBT സംവിധാനം നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തുന്നതിലേയ്ക്കായി അപേക്ഷയിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകളിൽ ടി വിവരങ്ങൾ ഉൾപ്പെടുത്തി തുക നേരിട്ട് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനായി അപേക്ഷകൾ സജ്ജമാക്കുന്നതിനും തഹസിൽദാർമാരെയും വില്ലേജ് ഓഫീസർമാരെയും ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

**സെക്ഷൻ ഓഫീസർ**